# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കരിമണ്ണൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.4-130/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 25/03/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കരിമണ്ണൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കരിമണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരിമണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.4-130/2023 തീയ്യതി: 25/03/2023

## ഇടുക്കി ജില്ലയിലെ കരിമണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ കരിമണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 23-03-2022 മുതൽ 16-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ )** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.അനിൽ മാത്യൂ ഐപ്പ് | ഡെപ്യൂട്ടി ഡയറക്ടർ | 16-01-2023 | 20-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 16-01-2023 | 20-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ധനജയൻ റ്റി.എസ്., ഓഡിറ്റ് ഓഫീസർ
ശ്രീ. സണ്ണി എം.യു., ഓഡിറ്റ് ഓഫീസർ
ശ്രീമതി. ഷംലത്ത് എം.എസ്., അസി. ഓഡിറ്റ് ഓഫീസർ
ശ്രീ. ജിബി ഇ.വി., അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി. അനീറ്റ പി. സാമുവൽ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി. മായ കൃഷ്ണൻ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. റെജി ജോൺസൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. ഷാജു മാത്യു | സെക്രട്ടറി | 01-04-2021 | 31-03-2022 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. ജിഷ പി.യു. | അസി.സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി. സില്ലാ മോൾ മാത്യൂ | അസി.എഞ്ചിനീയർ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ഡോ. ഷാലു കെ.എച്ച്. | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ. ടെലസ് കുര്യൻ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2021 | 31-03-2022 |
| ഡോ. ബിജു രാജ് | വെറ്ററിനറി സർജൻ | 01-04-2021 | 14-06-2021 |
| ഡോ. നീതു കെ.പി. | വെറ്ററിനറി സർജൻ | 14-06-2021 | 31-03-2022 |
| ശ്രീമതി. റാണി ജോർജ്ജ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ. സുധീഷ് എം.പി. | ക്ഷീര വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ. ഐ.ഒ. പൗലോസ് | ഹെഡ് മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീമതി. സിജി ശങ്കർ | വി.ഇ.ഒ | 01-04-2021 | 09-10-2021 |
| ശ്രീമതി. നിത്യ പി.എസ്. | വി.ഇ.ഒ | 10-10-2021 | 31-03-2022 |
| ശ്രീമതി. മെൽഡ ഡേവിഡ് | ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | 01-04-2021 | 31-03-2022 |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം | 1-3 |
| 4 | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകൾ | 1-3-1 |
| 5 | മെയിന്റനൻസ് ഫണ്ട് ചെലവ് 80% കടന്നില്ല | 1-3-2 |
| 6 | പട്ടികജാതി വികസനഫണ്ട് ചെലവ് 79.45 ശതമാനം മാത്രം | 1-3-3 |
| 7 | പദ്ധതി അവലോകനം | 1-4 |
| 8 | പദ്ധതികളുടെ ബാഹുല്യം-മരാമത്ത് പ്രവൃത്തികളുടെ കാര്യക്ഷമതയെ സാരമായി ബാധിക്കുന്നു | 1-4-1 |
| 9 | കാർഷിക മൃഗസംരക്ഷണ മേഖലയിലെ പദ്ധതി നിർവ്വഹണം ശ്ലാഘനീയം | 1-4-2 |
| 10 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 11 | ക്ഷേമ പെൻഷനുകൾ | 1-6 |
| 12 | ക്യാഷ് പരിശോധന | 1-7 |
| 13 | ആഭ്യന്തരനിയന്ത്രണം | 1-8 |
| 14 | അസറ്റ് മാനേജ്മെന്റ് | 1-8-1 |
| 15 | വാർഷിക കണക്കിലെ അപാകതകൾ | 1-9 |
| 16 | ഡെപ്പോസിറ്റ് തുക തിരികെ വന്നത് | 1-9-1 |
| 17 | പെൻഷൻ തുക തിരികെ വന്നത് | 1-9-2 |
| 18 | ബ്ലോക്ക് വിഹിതം ചെലവഴിക്കാതെ സൂക്ഷിച്ചിരിക്കുന്നു | 1-9-3 |
| 19 | ഗുണഭോക്തൃ വിഹിതം നീക്കിയിരിപ്പ് | 1-9-4 |
| 20 | വസ്തു നികുതി തെറ്റായ ഗണത്തിൽ ഉൾപ്പെടുത്തി കുറവായി ഈടാക്കി | 1-10 |
| 21 | വാടകക്കുടിശ്ശിക | 1-11 |
| 22 | പഞ്ചായത്ത് റോഡ് അനധികൃതമായി കൈയ്യേറി സഞ്ചാരയോഗ്യമല്ലാതാക്കി-ഉത്തരവാദിയായ വ്യക്തിക്കെതിരെ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല | 1-12 |
| 23 | സുരക്ഷ ഭീഷണിയെ തുടർന്ന് വിവിധ വ്യക്തികളുടെ പുരയിടത്തിൽ നിന്നും തടികൾ മുറിച്ചു മാറ്റിയ ഇനത്തിലുള്ള നഷ്ടം ഈടാക്കിയിട്ടില്ല | 1-13 |
| 24 | ഗവ.യു.പി സ്കൂൾ കോമ്പൗണ്ടിൽ നിന്നും മുറിച്ചു മാറ്റിയ തടികൾ ലേലം ചെയ്തു നൽകിയിട്ടില്ല | 1-14 |
| 25 | ഹോമിയോ ആശുപത്രിയിലേക്ക് മരുന്നു വാങ്ങൽ- നിർവ്വഹണ ഏജൻസി ഔഷധങ്ങൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല | 1-15 |
| 26 | തൊഴിലുറപ്പ് പദ്ധതി-സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചതിന് നിരക്ക് നിശ്ചയിക്കാതെ തുക അനുവദിച്ചിരിക്കുന്നു | 1-16 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |

| | | |
|---|---|---|
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുക | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

16-02-2021 ലെ 1-ാം നമ്പർ തീരുമാന പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി അംഗീകരിച്ച 2021-22-ലെ ബജറ്റ് 23-02-2021 ലെ 1/1 നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് ജനറൽ കമ്മറ്റി അംഗീകരിച്ചിട്ടുണ്ട്. 04-03-22-ലെ 3-ാം നമ്പർ തീരുമാനപ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി അംഗീകരിച്ച 2021-22-ലെ പുതുക്കിയ ബജറ്റ് 30-03-22-ലെ 1/2 തീരുമാനപ്രകാരം പഞ്ചായത്ത് ജനറൽ കമ്മറ്റി അംഗീകരിച്ചു. ബജറ്റ് പ്രകാരം ₹14383264/- മുന്നിരിപ്പും ₹152146480/- വരവും ₹162770730/- ചെലവും ₹3759014/- നീക്കിയിരിപ്പുമുണ്ട്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2022 | 20-5-2022 | - | - |

### 1-3 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് | ജനറൽ | 0 | 12931000 | 12931000 | 10361614 | |
| | എസ്.സി.പി | 0 | 2190400 | 2190400 | 1740332 | |
| | ററി.എസ്.പി | 0 | 365900 | 365900 | 293400 | |
| മെയിന്റനൻസ് ഗ്രാന്റ് -റോഡ് | | 0 | 5724729 | 5724729 | 3681876 | |
| നോൺ റോഡ് | | 0 | 5202519 | 5202519 | 4087903 | |
| ധനകാര്യകമ്മിഷൻ ഗ്രാന്റ് -ടൈഡ് | | 0 | 6759100 | 6759100 | 898750 | 5860350 |
| ധനകാര്യകമ്മിഷൻ ഗ്രാന്റ് – അൺടൈഡ് | | 0 | 3283725 | 3283725 | 2719856 | 563869 |
| ടോട്ടൽ സാനിറ്റേഷൻ | | 2910476 | 0 | 2910476 | 184000 | 2726476 |
| ഐ.സി.ഡി.എസ് | | 427046 | 619364 | 1046410 | 967910 | 78500 |
| തൊഴിലുറപ്പ് പദ്ധതി | ഭരണച്ചെലവ് | 1964 | 1616084 | 1618048 | 1617430 | 618 |
| | കൂലിച്ചെലവ് | | 11721581 | 11721581 | 11721581 | |
| പകർച്ച വ്യാധി ഗ്രാന്റ് | | 393736 | 0 | 393736 | 393736 | 0 |
| മൃഗസംരക്ഷണം | | 789468 | 2697 | 792165 | 384337 | 407828 |
| സാക്ഷരത | | 23585 | 0 | 23585 | 23585 | 0 |
| ലൈബ്രറി ഗ്രാന്റ് | | 26190 | 0 | 26190 | 26190 | 0 |
| 320300103 ശുചിത്വമിഷൻ ഗ്രാന്റ് | | 140000 | 0 | 140000 | 140000 | 0 |
| ലൈഫ് | | 892049 | 700000 | 1592049 | 405000 | 1187049 |
| ഡൊണേഷൻ-പകർച്ച വ്യാധി | | 16500 | 186788 | 203288 | 197451 | 5837 |

#### 1-3-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകൾ

വിവിധ ഫണ്ടുകളുടെ വിഹിതം അനുവദിച്ച വേളയിൽ ചുവടെ കൊടുത്തിരിക്കുന്ന തുകകൾ സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്തിട്ടുണ്ട്. എന്നാൽ, ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവ് വിശദാംശങ്ങൾ ചേർത്തിട്ടില്ല.

| ഫണ്ട് | ആകെ വിഹിതം | ലൈഫ് ലോൺ | അങ്കണവാടി ഹോണറേറിയം | അക്കൗണ്ട് ചെയ്ത ഫണ്ട് |
|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 12931000 | 1193421 | 832200 | 10905379 |
| വികസനഫണ്ട് (SCP) | 2190400 | 316051 | - | 1874349 |
| വികസനഫണ്ട് (TSP) | 365900 | 15862 | - | 350038 |

#### 1-3-2 മെയിന്റനൻസ് ഫണ്ട് ചെലവ് 80% കടന്നില്ല

റോഡ്/നോൺ റോഡ് മെയിന്റനൻസ് ഫണ്ട് വിഹിതങ്ങളുടെ ചെലവ് 2021-22 സാമ്പത്തിക വർഷം 80% എന്ന പരിധി കടന്നില്ല. 15.07.2021ലെ സ.ഉ(കൈ)നം.79/2021/ധന പ്രകാരം അനുവദിച്ച വികസന ഫണ്ട് പൂർണ്ണമായി ചെലവഴിക്കാത്ത പക്ഷം അനുവദിച്ച തുകയുടെ പരമാവധി 20 ശതമാനം വരെ മാത്രമേ അടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ ചെയ്യുവാൻ അനുമതിയുള്ളൂ. അതിനാൽ, ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ആകെ ₹972019/- ലാപ്സായി.

| അലോട്ട്മെന്റ് | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം | 2022-23ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക | ലാപ്സായ തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 5724729 | 3681876 | 2042853 | 64.31 | 1144946 മെയിന്റനൻസ് (റോഡ്) | 897907 |
| 5202519 | 4087903 | 1114616 | 78.57 | 1040504 മെയിന്റനൻസ് (നോൺ റോഡ്) | 74112 |
| | | | | ആകെ | 972019 |

### 1-3-3 പട്ടികജാതി വികസനഫണ്ട് ചെലവ് 79.45 ശതമാനം മാത്രം

15.07.2021ലെ സ.ഉ(കൈ)നം.79/2021/ധന പ്രകാരം 2021-22 സാമ്പത്തിക വർഷം അനുവദിച്ച വികസന ഫണ്ട് പൂർണ്ണമായി ചെലവഴിക്കാത്ത പക്ഷം അനുവദിച്ച തുകയുടെ പരമാവധി 20 ശതമാനം വരെ മാത്രമേ അടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ ചെയ്യുവാൻ അനുമതിയുള്ളൂ. കൂടാതെ, എസ്.സി.പി/ടി.എസ്.പി ഫണ്ടുകളിൽ ചെലവഴിക്കാത്ത തുകയിൽ ക്യാരി ഓവർ ചെയ്യുന്ന 20 ശതമാനം കിഴിച്ചുള്ള തുക (ഷോർട്ട് ഫാൾ) അടുത്ത വർഷത്തെ വികസന ഫണ്ടിൽ നിന്നും നീക്കുപോക്ക് ചെയ്യുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ പട്ടികവർഗ്ഗ വികസന ഫണ്ടിന്റെ 79.45 ശതമാനം മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. അതിനാൽ, ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹11988/- 2022-23 സാമ്പത്തിക വർഷത്തെ പൊതുവിഭാഗം വികസന ഫണ്ടിൽ നിന്നും നീക്കുപോക്ക് നടത്തുന്നതിനാൽ ഗ്രാമപഞ്ചായത്തിന് അനുവദിക്കുന്ന വികസനഫണ്ടിൽ 2022-23 വർഷം മുതൽ കുറവ് വരുന്നതിന് ഇടയാക്കും.

| അലോട്ട്മെന്റ് | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം | 2022-23ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക | 2022-23 വർഷത്തെ വികസന ഫണ്ടിൽ നിന്നും ക്രമീകരിക്കുന്ന തുക |
|---|---|---|---|---|---|
| 2190400 | 1740332 | 450068 | 79.45 | 438080 | 11988 |

### 1-4 പദ്ധതി അവലോകനം

2021-22 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 165 | 86906966 | 125 | 34916256 | 0 | 40 | 75.75 |

ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയ്ക്ക് ആസൂത്രണ സമിതിയുടെ 22/2/2021 ലെ ഉത്തരവ് 111/2021/DPC/DPO/IDK പ്രകാരം അംഗീകാരം ലഭിച്ചു. 77 പ്രോജക്ടുകളാണ് 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. തുടർന്ന് 14/3/2022 ലെ ഉത്തരവ് പ്രകാരം 32 സ്പിൽ ഓവർ പദ്ധതികൾ കൂടി ഉൾപ്പെടുത്തി 165 എണ്ണമായി പദ്ധതി പരിഷ്കരിച്ചു. ആകെ അടങ്കൽ തുകയുടെ 40.17 ശതമാനം മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്. വികസനഫണ്ട്, എസ്.സി.പി., മെയിന്റനൻസ് ഗ്രാന്റ് റോഡ്, നോൺ റോഡ് എന്നിവയുടെ ചെലവിൽ കുറവ് വന്നിട്ടുണ്ട്. ഫണ്ടുകൾ സമയബന്ധിതമായി ചെലവഴിക്കാത്തത് മൂലം ഭാവിയിൽ അനുവദിക്കുന്ന വികസനഫണ്ടിൽ കുറവ് ഉണ്ടായേക്കാം. ലൈഫ് ഭവനപദ്ധതി ജനറൽ വിഭാഗത്തിൽ തൻവർഷം ₹16000000/- അടങ്കൽ തുകയിൽ കേവലം ₹400000/- മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയവ എണ്ണം | അടങ്കൽ ₹ | ചെലവ് ₹ | നടപ്പിലാക്കാത്ത പദ്ധതികൾ | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1. സെക്രട്ടറി | 52 | 39 | 11602917 | 7033107 | 13 | 60.61 |
| 2. അസി. എൻജിനീയർ | 61 | 45 | 17317775 | 9000322 | 16 | 51.97 |
| 3. വെറ്ററിനറി സർജൻ | 6 | 6 | 7190080 | 4950200 | 0 | 68.84 |
| 4. കൃഷി ഓഫീസർ | 8 | 7 | 6626044 | 1708369 | 1 | 25.78 |
| 5. എം.ഒ. എഫ് എച്ച് സി | 6 | 6 | 3740000 | 3068508 | 0 | 82.04 |
| 6. ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 3 | 2 | 4457000 | 4227860 | 1 | 94.85 |
| 7. വി.ഇ.ഒ 1 | 8 | 5 | 2657400 | 672160 | 3 | 25.29 |
| 8. വി.ഇ.ഒ- 2 | 13 | 9 | 30943800 | 2515421 | 4 | 8.12 |
| 9. എം.ഒ ആയുർവ്വേദം | 1 | 1 | 400000 | 400000 | 0 | 100 |
| 10. ഹെഡ്മാസ്റ്റർ | 1 | 1 | 30000 | 30000 | 0 | 100 |

| | | | | | | |
|---|---|---|---|---|---|---|
| 11. ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 1 | 1 | 1400000 | 1112947 | 0 | 79.49 |
| 12. അസി. സെക്രട്ടറി | 5 | 3 | 541950 | 197362 | 2 | 36.41 |
| ആകെ | 165 | 125 | 86906966 | 34916256 | 40 | 40.17 |

വാർഷികപദ്ധതി രൂപീകരണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു. പദ്ധതി രൂപീകരണം മാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകൾ ചർച്ച ചെയ്തിട്ടുള്ളത്. തുടർ മോണിറ്ററിംഗ് കാര്യക്ഷമമല്ല. സ്റ്റാന്റിംഗ് കമ്മറ്റികളിൽ വാർഷിക പദ്ധതി സംബന്ധിച്ച് വിശദമായ വിശകലനം നടത്തിയിട്ടില്ല.

| | |
|---|---|
| വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ | 4/2/21 |
| ഗ്രാമസഭ, ഊരുകൂട്ട യോഗങ്ങൾ | 9/2/2021,8/2/21 |
| വികസന സെമിനാർ | 15-2-2021 |
| ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ അംഗീകാരം | 9/2/21 |
| ഭരണസമിതിയുടെ അംഗീകാരം | 11/02/2021 |

### 1-4-1 പദ്ധതികളുടെ ബാഹുല്യം-മരാമത്ത് പ്രവൃത്തികളുടെ കാര്യക്ഷമതയെ സാരമായി ബാധിക്കുന്നു

പദ്ധതികളുടെ ബാഹുല്യം മരാമത്ത് പ്രവൃത്തികളുടെ കാര്യക്ഷമതയെ സാരമായി ബാധിച്ചിട്ടുണ്ട്. തൻവർഷം 61 പദ്ധതികൾ ആവിഷ്ക്കരിക്കുകയും 45 പ്രവൃത്തികൾ നടപ്പാക്കുകയും ചെയ്തു. 61 പദ്ധതികളിൽ 19 പ്രോജക്ടുകളും സ്പിൽ ഓവറായിരുന്നു. സ്പിൽ ഓവറായ 17 പദ്ധതികൾ തൻ വർഷം നടപ്പാക്കിയിട്ടുണ്ട്. തൻ വർഷം പുതുതായി രൂപീകരിച്ച 42 പ്രോജക്ടുകളിൽ 14 എണ്ണത്തിന് തുകയൊന്നും ചെലവഴിച്ചിട്ടില്ല സ്പിൽ ഓവർ പദ്ധതികളുടെ ബാഹുല്യം മൂലം പുതിയ പ്രോജക്ടുകൾക്ക് ഫണ്ട് ലഭ്യമല്ലാത്ത അവസ്ഥ ഒഴിവാക്കുന്നതിന് പദ്ധതികൾ സ്പിൽ ഓവറാകുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്. പ്രത്യേക സാഹചര്യങ്ങളിലൊഴികെ പദ്ധതികൾ അതത് വർഷങ്ങളിൽ തന്നെ പൂർത്തീകരിച്ച് പ്രതിഫലം നൽകുന്നതിന് പരമാവധി ശ്രദ്ധിക്കേണ്ടതാണ്.

വാർഡ് വിഭജനം എന്ന സങ്കുചിത കാഴ്ചപ്പാടിലൂടെ പ്രോജക്ട് രൂപീകരിക്കുന്നത് മൂലം ശരിയായ വികസനം സാധ്യമാവുന്നില്ല. തൻവർഷം ആവിഷ്ക്കരിച്ച പദ്ധതികളിൽ ഭൂരിഭാഗവും റോഡ് കോൺക്രീറ്റ് പ്രവൃത്തികളുമായിരുന്നു. ടാറിംഗ്/റീടാറിംഗ് പ്രവൃത്തികൾ നാമമാത്രമായാണ് നടത്തിയിട്ടുള്ളത്. ഇത് ശരിയായ വികസന കാഴ്ചപ്പാടല്ല. പദ്ധതി ബാഹുല്യം മൂലം പ്രോജക്ടുകളുടെ വളരെയധികം തുടർ നടപടികൾ എഞ്ചിനിയറിംഗ് വിഭാഗത്തിനു ചെയ്യേണ്ടതായി വരുന്നു. ഇത് കൃത്യമായി മോണിട്ടറിംഗ് നടത്തുന്നതിനു വിഘാതമാകുന്നു. തൻവർഷം 2 ലക്ഷം രൂപയും അതിൽ താഴെയും അടങ്കലുള്ള 32 പദ്ധതികൾ ആസൂത്രണം ചെയ്തിരിക്കുന്നു. ആയതിൽ 25 പദ്ധതികൾ നടപ്പാക്കിയിരിക്കുന്നു. 5 ലക്ഷത്തിൽ കൂടുതൽ അടങ്കലുള്ള 6 പദ്ധതികൾ മാത്രമാണ് ആസൂത്രണം ചെയ്തത്. ആയതിൽ ഒരെണ്ണം മാത്രമാണ് നടപ്പാക്കിയത്. ചെറുതും, ഫലപ്രാപ്തി കുറഞ്ഞതുമായ പ്രോജക്ടുകൾ ഒഴിവാക്കി പഞ്ചായത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി പ്രോജക്ടുകൾ ആവിഷ്ക്കരിച്ച് നടപ്പാക്കേണ്ടതും ചെറിയ അടങ്കലുള്ള പ്രോജക്ടുകൾ ഒഴിവാക്കി കൂടുതൽ അടങ്കലുള്ളതും ശരിയായ വികസനം അടിസ്ഥാനപ്പെടുത്തിയും മെച്ചപ്പെട്ട രീതിയിൽ മരാമത്ത് പ്രവൃത്തികൾ നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-4-2 കാർഷിക മൃഗസംരക്ഷണ മേഖലയിലെ പദ്ധതി നിർവ്വഹണം ശ്ലാഘനീയം

കാർഷിക മേഖലയായ കരിമണ്ണൂർ ഗ്രാമ പഞ്ചായത്തിൽ 2021-22 വർഷം കൃഷി ഓഫീസർ, വെറ്ററിനറി സർജൻ, ഡയറി എക്സ്റ്റെൻഷൻ ഓഫീസർ എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥരായി പഞ്ചായത്ത് നിരവധി പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്. സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് പ്രസ്തുത പദ്ധതികൾ മികച്ച രീതിയിൽ നടപ്പാക്കിയിട്ടുണ്ട്.

തുടർ വർഷങ്ങളിലും കാർഷിക, മൃഗസംരക്ഷണ മേഖലകളിൽ പദ്ധതികൾ ഏറ്റെടുത്ത് നിർവ്വഹണം നടത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

### 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1964 | 1616084 | 1618048 | 1617430 | 618 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 11721581 | 11721581 | 11721581 | 0 |

### 1-6 ക്ഷേമ പെൻഷനുകൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 41400 | 24 |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 4457600 | 271 |
| വിധവാപെൻഷൻ | 7620700 | 482 |
| വാർദ്ധക്യകാലപെൻഷൻ | 23946300 | 1591 |
| വികലാംഗപെൻഷൻ | 2935200 | 187 |
| അവിവാഹിതർക്കുള്ള പെൻഷൻ | 504800 | 32 |
| വിധവകളുടെ മക്കൾക്കുള്ള ധനസഹായം | 30000 | 1 |

1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.01.2023-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹ 17577/- (പതിനേഴായിരത്തി അഞ്ഞൂറ്റി എഴുപത്തി ഏഴ് രൂപ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-8 ആഭ്യന്തരനിയന്ത്രണം

1. ഓഫീസ് സംവിധാനം- 3 ക്ലർക്കുമാരും, 4 സീനിയർ ക്ലർക്കുമാരും, 2 ഓഫീസ് അറ്റൻഡന്റുമാരും ഒരു പാർട്ട് ടൈം ലൈബ്രേറിയനും ഒരു പാർട്ട് ടൈം സ്വീപ്പറും ഒരു ലൈബ്രേറിയനും ഒരു അക്കൗണ്ടന്റും ഒരു ഹെഡ് ക്ലാർക്കും ഒരു അസിസ്റ്റന്റ് സെക്രട്ടറിയും ഒരു സെക്രട്ടറിയും ഉൾപ്പെടുന്നു. ഓഫീസ് ഓർഡർ പ്രകാരം കൃത്യമായ ജോലി വിഭജനം നടത്തിയിട്ടുണ്ട്.
2. വസ്തു നികുതി പിരിവ് മോണിട്ടറിംഗ് നടത്തുന്നുണ്ട്. നികുതി നിർണ്ണയത്തിൽ അപാകതകൾ കാണുന്നു. ലൈസൻസ്, തൊഴിൽ നികുതി എന്നിവയിൽ ശരിയായ മോണിട്ടറിംഗ് നടക്കുന്നില്ല.

3. പൊതുമരാമത്ത് പ്രവൃത്തികളുടെ പദ്ധതി നിർവ്വഹണവും ഫയലിംഗ് സംവിധാനവും തൃപ്തികരമാണ്. പുതുതായി സൃഷ്ടിക്കുന്ന ആസ്തികളുടെ വിവരം ആസ്തി രജിസ്റ്ററുകളിൽ ഉൾപ്പെടുത്തുന്നില്ല. ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം പരിപാലിക്കേണ്ടതാണ്.

4. തെരുവുവിളക്ക് രജിസ്റ്റർ പരിപാലിക്കുന്നുണ്ട്. എന്നാൽ പൊതുടാപ്പുകളുടെ വിവരം കാണിക്കുന്ന രജിസ്റ്ററിൽ വെള്ളക്കരം ഒടുക്കുന്ന വിവരം ഉൾപ്പെടുത്തുന്നില്ല.

5. പദ്ധതികളും ഗുണഭോക്താക്കളെയും നിർദ്ദേശിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നതല്ലാതെ തുടർ മോണിട്ടറിംഗ് സ്റ്റാൻഡിംഗ് കമ്മിറ്റികൾ നടത്തുന്നില്ല. പ്രോജക്ടുകളുടെ വിലയിരുത്തൽ നടത്തുന്നില്ല. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് സംവിധാനം നടപ്പിലാക്കുന്നില്ല. വാങ്ങൽ പ്രക്രിയകളിൽ ആവശ്യമായ കരുതലുകൾ സ്വീകരിക്കുന്നില്ല.

ഫ്രണ്ട് ഓഫീസ് പ്രവർത്തനം.

വരുന്ന തപാലുകൾ കൃത്യമായി ഫ്രണ്ട് ഓഫീസിൽ നിന്ന് സൂചിക സോഫ്റ്റ്‌വെയർ വഴിയും ഐ. എൽ.ജി.എം.എസ്. വഴിയും ഡിസ്ട്രിബ്യൂഷൻ നടത്തുന്നുണ്ട്. എന്നാൽ ബാക്ക് ഓഫീസിൽ ഫയലുകളുടെ നീക്കം കൃത്യമായി നടക്കുന്നുണ്ടോ എന്ന് പരിശോധന നടക്കുന്നില്ല.

1-8-1 അസറ്റ് മാനേജ്മെന്റ്

ഗ്രാമപഞ്ചായത്തിലെ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ഓഡിറ്റ് വർഷത്തിലെ വിവരങ്ങൾ കൂടി ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതും സചിത്ര സോഫ്റ്റ്‌വെയറിൽ അപ്ഡേഷൻ വരുത്തേണ്ടതുമാണ്. കൂടാതെ വാർഷിക മെയിന്റനൻസ് പ്ലാൻ തയ്യാറാക്കി മാത്രം മെയിന്റനൻസ് പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്. റോഡ് രജിസ്റ്ററിൽ ഓരോ റോഡിന്റെയും വിവരങ്ങൾ ഉൾപ്പെടുത്തുണ്ടേതും വാർഷിക മെയിന്റനൻസ് ഉൾപ്പെടെയുള്ള വിവരങ്ങൾ ചേർക്കേണ്ടതുമാണ്.

1-9 വാർഷിക കണക്കിലെ അപാകതകൾ

1) Treasury TSB Own Fund Account (HEAD 450250110) മുൻ സാമ്പത്തിക വർഷം ക്ലോസ് ചെയ്തതാണ്. എന്നാൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ സ്കോളർഷിപ്പ് നല്കിയ ₹9500/- തിരികെ വന്നത് പ്രസ്തുത അക്കൗണ്ടിൽ വരവ് ചേർത്തിട്ടുണ്ട്.
2) ഡി. ആന്റ് ഓ. ലൈസൻസ് ഫീസിനത്തിൽ തൻവർഷത്തെ വരവ് ₹95900/- ആണ് വാർഷികകണക്കിൽ ചേർത്തിട്ടുള്ളത്. എന്നാൽ രജിസ്റ്റർ പ്രകാരം ₹202850/- ആണ് തൻവർഷ വരവ്.
3) ബാലൻസ് ഷീറ്റ് B-5, B-16 എന്നിവയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.
4) അഡ്വാൻസ് രജിസ്റ്ററിൽ എല്ലാ ഇനങ്ങളും ഉൾപ്പെടുത്തിയിട്ടില്ല.
5) B-4 Head 320800199 ൽ ചേർത്തിട്ടുള്ള ₹181061/-യുടെ കൃത്യത വ്യക്തമല്ല.

1-9-1 ഡെപ്പോസിറ്റ് തുക തിരികെ വന്നത്

വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തതിൽ മിച്ചം വന്ന തുക തിരികെ ലഭ്യമായത് ₹28925/- ബാലൻസ് ഷീറ്റ് B-9 (350300109 Head) ൽ ചേർത്തിട്ടുണ്ട്. തുക നിശ്ചിത ഹെഡിൽ തിരികെ അടവാക്കേണ്ടതാണ്.

1-9-2 പെൻഷൻ തുക തിരികെ വന്നത്

സാമൂഹ്യസുരക്ഷാ പെൻഷൻ തുക തിരികെ വന്നത് ₹15400/- (25-4-2021-ൽ) ബാലൻസ് ഷീറ്റ് ബി-9 ൽ ചേർത്തിരിക്കുന്നു. തുക സർക്കാർ ഫണ്ടിലേക്ക് തിരികെ അടവാക്കേണ്ടതാണ്.

1-9-3 ബ്ലോക്ക് വിഹിതം ചെലവഴിക്കാതെ സൂക്ഷിച്ചിരിക്കുന്നു

മുട്ടക്കോഴി വിതരണം, കുടിവെള്ളപദ്ധതി, സ്കോളർഷിപ്പ്, ഒ.ഡി.എഫ്. എന്നീ ഇനങ്ങൾക്ക് ലഭ്യമായ ബ്ലോക്ക് വിഹിതം ചെലവഴിക്കാതെ സൂക്ഷിച്ചിരിക്കുന്നു. (B-4 Head 320700204)

1-9-4 ഗുണഭോക്തൃ വിഹിതം നീക്കിയിരിപ്പ്

2020-21 വർഷം വി.ഇ.ഒ. നിർവ്വഹണം നടത്തിയ ബയോഡൈജസ്റ്റർ പോട്ട് വിതരണം പദ്ധതിയുടെ ഗുണഭോക്തൃവിഹിതം പിരിച്ച തുക ₹103385/ഉൾപ്പെടെ ബി-4 പ്രകാരം ₹130490/നീക്കിയിരിപ്പുണ്ട്.

1-10 വസ്തു നികുതി തെറ്റായ ഗണത്തിൽ ഉൾപ്പെടുത്തി കുറവായി ഈടാക്കി

വസ്തു നികുതി (സഞ്ചയ സോഫ്റ്റ്‌വെയർ) പരിശോധനയിൽ കെട്ടിടങ്ങൾ തെറ്റായ ഗണത്തിൽ ഉൾപ്പെടുത്തിയതായി കണ്ടു. നികുതി ഒഴിവാക്കിയത് സംബന്ധിച്ച് വിവരം ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി 4/18.1.2022 നൽകിയതിന് മറുപടി ഹാജരാക്കിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉടമസ്ഥൻ | കെട്ടിട നം./ വിസ്തീർണ്ണം (ച.മീ.) | ഉൾപ്പെടുത്തിയ ഗണം | ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടി പ്രകാരം വരുത്തേണ്ട തുടർ നടപടി |
|---|---|---|---|---|
| 1 | ഫോറസ്റ്റ് ഓഫീസ് | 3/279, 71 | നികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ | നിലവിൽ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് ഇന്റർപ്രട്ടേഷൻ സെന്ററായി ഉപയോഗിക്കുന്ന ടി കെട്ടിടത്തിന്റെ നികുതി (ഓഫീസ് ഉപയോഗം) പുനർനിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. |
| 2 | ഫോറസ്റ്റ് ഓഫീസ് | 3/281, 71.25 | നികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ | ഫോറസ്റ്റ് ക്വാർട്ടേഴ്സായി ഉപയോഗിക്കുന്ന കെട്ടിടത്തിന്റെ നികുതി (താമസത്തിനുള്ളത്) നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. |
| 3 | ഫോറസ്റ്റ് ഓഫീസ് | 3/282, 32 | നികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ | നിലവിൽ പൊളിച്ചുമാറ്റിയതായി അറിയിച്ച ടി കെട്ടിടം 'ഡിമോളിഷ്ഡ്'' ഗണത്തിലേക്ക് മാറ്റേണ്ടതാണ്. |
| 4 | ഫോറസ്റ്റ് ഓഫീസ് | 4/88, 142 | നികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ | ഓഫീസ് ഗണത്തിലുൾപ്പെട്ട കെട്ടിടത്തിന് തദനുസൃതമായി നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. |
| 5 | കെവിഎംഎസ് കരയോഗമന്ദിരം | 14/287, 31 | വിദ്യാഭ്യാസ ഗണത്തിൽ ഉൾപ്പെടുത്തി ₹5/- നിരക്കിൽ നികുതി ഈടാക്കുന്നു | ഓഫീസ് ആവശ്യത്തിനുപയോഗിക്കുന്ന ടി കെട്ടിടം തദനുസൃതമായി നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. |
| 6 | സെക്രട്ടറി, ദാറുൾ ഫത്തേ ഇസ്ലാമിക് കോംപ്ലക്സ് | 13/73, 582.56, 644.62 | നികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ | സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ ഉപയോഗത്തിലുള്ള കെട്ടിടത്തിന് നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. |
| 7 | വിന്നേഴ്സ് പബ്ലിക് സ്കൂൾ | 419.94, 419.94, 419.94 | നികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ | സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ ഉപയോഗത്തിലുള്ള കെട്ടിടത്തിന് നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. |
| 8 | സെന്റ് മേരീസ് ഫൊറേന ചർച്ച്, കരിമണ്ണൂർ | 6/117 | ബങ്ക് ഗണത്തിൽ പെടുത്തി നികുതി ഈടാക്കുന്നു | 194.12 ച.മീ. ഉള്ള പ്രസ്തുത കെട്ടിടം വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിലുള്ള കെട്ടിട ഗണത്തിൽപെടുത്തി നികുതി ഈടാക്കേണ്ടതാണ്. |

തുടർ നടപടികൾ സ്വീകരിച്ച് വിവരമറിയിക്കേണ്ടതാണ്.

1-11 വാടകക്കുടിശ്ശിക

പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ ആറാം നമ്പർ മുറി കാരുണ്യ പുരുഷ സ്വയം സഹായ സംഘത്തിന് മൊബൈൽ ക്രിമിറ്റോറിയം സൂക്ഷിപ്പിനായി വാടകയ്ക്ക് നൽകിയിരുന്നു. മുൻ വർഷങ്ങളിലുൾപ്പടെ ടി മുറിയുടെ വാടക കുടിശ്ശികയായി കാണുന്നു. കൂടാതെ എസ്.സി.പി ഫണ്ടുപയോഗിച്ച് നിർമ്മിച്ച ക്രിമിറ്റോറിയം ഉപയോഗിക്കുന്നുമില്ല. മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലും ഇത് സംബന്ധിച്ച പരാമർശമുണ്ടായിരുന്നു. വിശദ വിവരം ചുവടെ.

<table>
<tr><td>വർഷം</td><td colspan="3">വാടക ₹</td></tr>
<tr><td>2021-22</td><td colspan="3">848 X6 = 5088 (ആറു മാസത്തെ വാടക ഇളവ് ചെയ്തിട്ടുണ്ട്)</td></tr>
<tr><td rowspan="2">മുൻ വർഷം</td><td rowspan="2">14652</td><td>2019-20</td><td>651 X 12 = 7812</td></tr>
<tr><td>2020-21</td><td>684 X 10 = 6840 (രണ്ട് മാസം വാടക ഇളവ് നൽകി)</td></tr>
<tr><td>ആകെ</td><td colspan="3">19740/-</td></tr>
</table>

വാടകക്കാരുമായി കരാർ ചമച്ചിട്ടില്ല. വാടക കുടിശ്ശിക ഈടാക്കുന്നതിനും പട്ടികജാതി വികസന ഫണ്ടുപയോഗിച്ച് നിർമ്മിച്ച മൊബൈൽ ക്രിമിറ്റോറിയം പ്രവർത്തിപ്പിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

1-12 പഞ്ചായത്ത് റോഡ് അനധികൃതമായി കൈയ്യേറി സഞ്ചാരയോഗ്യമല്ലാതാക്കി-ഉത്തരവാദിയായ വ്യക്തിക്കെതിരെ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല

ശ്രീ. തോമസ് കുഴിക്കാട്ടുമ്യാലിൽ എന്ന വ്യക്തി പന്നൂർ കുറ്റിച്ചിറ ചിലവ് റോഡ് അനധികൃതമായി കൈയ്യേറുകയും റോഡിൽ ഓട നിർമ്മിച്ച് റോഡ് സഞ്ചാര യോഗ്യമല്ലാതാക്കി എന്നത് സംബന്ധിച്ച പരാതിയിന്മേലുള്ള അന്വേഷണത്തെ തുടർന്ന് അനധികൃത കൈയ്യറ്റം നടത്തിയ വ്യക്തിക്കെതിരെ നടപടി സ്വീകരിക്കുന്നതിനും റോഡ് ഉപയോഗപ്രദമാക്കിയ ഇനത്തിലുള്ള ചെലവ് തുക ₹14000/- ടിയാനിൽ നിന്ന് ഈടാക്കുന്നതിനും 15.06.2021 ലെ 14/1 നമ്പർ അജണ്ട പ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ട്. റോഡ് സഞ്ചാര യോഗ്യമാക്കിയ ഇനത്തിൽ ചെക്ക് നം.219123/2.8.2021 പ്രകാരം ₹10000/- മരത്താനം എർത്ത് മൂവേഴ്സ് എന്ന സ്ഥാപനത്തിന് ഗ്രാമപഞ്ചായത്ത് നൽകുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടം പ്രസ്തുത വ്യക്തിയിൽ നിന്നും ഈടാക്കാത്തതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (എൻക്വയറി നം.5/19.01.2023) നൽകിയ മറുപടിയിൽ ഉത്തരവാദിയായ വ്യക്തിയിൽ നിന്നും ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടം ഈടാക്കുവാൻ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അനധികൃതമായി റോഡ് കയ്യേറി ഗ്രാമ പഞ്ചായത്തിന് നഷ്ടം വരുത്തിയ വ്യക്തിയിൽ നിന്നും ഗ്രാമ പഞ്ചായത്തിനുണ്ടായ നഷ്ടം ₹14000/-ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-13 സുരക്ഷ ഭീഷണിയെ തുടർന്ന് വിവിധ വ്യക്തികളുടെ പുരയിടത്തിൽ നിന്നും തടികൾ മുറിച്ചു മാറ്റിയ ഇനത്തിലുള്ള നഷ്ടം ഈടാക്കിയിട്ടില്ല

വിവിധ വ്യക്തികളിൽ നിന്നും ലഭിച്ച പരാതിയെ തുടർന്ന് സുരക്ഷാ ഭീഷണിയായി നിന്നിരുന്ന മരങ്ങളുടെ ശിഖരങ്ങൾ മുറിച്ചു മാറ്റിയ ഇനത്തിൽ ഗ്രാമ പഞ്ചായത്തിനുണ്ടായ ചെലവ് വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ചെലവിനം | തുക(₹) |
|---|---|
| ജോർജ്ജ് വാത്തുപ്പറമ്പിൽ, ഏഴുമുട്ടം എന്നയാളുടെ വസ്തുവിൽ മേരി ഐസക് എന്നയാളുടെ വീടിനു ഭീഷണിയായി നിന്നിരുന്ന പ്ലാവ്, തേക്ക്, മരുത് | 4000 |
| സുരേഷ് എടപ്പാട്ട്, തൊമ്മൻകുത്ത് എന്നയാളുടെ വസ്തുവിൽ ജോർജ്ജ് മത്തായി മുണ്ടൻകാവിൽ എന്നയാളുടെ വീടിനു ഭീഷണിയായി നിന്നിരുന്ന 2 മാവ്, 1 പ്ലാവ് | 3500 |
| ബിജു ജോൺ വള്ളാടിയിൽ, കോട്ടക്കവല എന്നയാളുടെ വസ്തുവിൽ ജോയി ഉലഹന്നൻ കിഴക്കുംപുറം പീടികയിൽ എന്നയാളുടെ വീടിനു ഭീഷണിയായി നിന്നിരുന്ന 4 വട്ടമരം | 500 |
| ആകെ | 8000 |

മേൽ പരാമർശിച്ചിട്ടുള്ള മരങ്ങൾ മുറിച്ചു മാറ്റിയ ഇനത്തിൽ ചെക്ക് നം.218374/3.5.2021 പ്രകാരം ₹8000/- ശ്രീ. അജേഷ് ജോർജ്ജ് നെടുപ്പറമ്പിൽ എന്നയാൾക്കു നൽകിയിട്ടുണ്ട്. ചെലവ് തുക ടി വ്യക്തികളിൽ നിന്നും റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കി തനതുഫണ്ടിൽ മുതൽ കൂട്ടുന്നതാണെന്ന വ്യവസ്ഥയോടെയാണ് ചെലവ് തുക അനുവദിക്കുവാൻ തീരുമാനമെടുത്തിട്ടുള്ളത് (എ3-2092/21 തീ.30.4.2021). മരം മുറിച്ചു നീക്കിയതിന്റെ ചെലവ് തുക ഉത്തരവാദിയായ വ്യക്തികളിൽ നിന്നും ഈടാക്കിയതിന്റെ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.7/19.01.23) തുക ഉത്തരവാദികളായ വ്യക്തികളിൽ നിന്നും ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിനുണ്ടായ ചെലവ് തുക ₹8000/- ഉത്തരവാദികളായ വ്യക്തികളിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-14 ഗവ.യു.പി സ്കൂൾ കോമ്പൗണ്ടിൽ നിന്നും മുറിച്ചു മാറ്റിയ തടികൾ ലേലം ചെയ്തു നൽകിയിട്ടില്ല

ഗവൺമെന്റ് യു.പി സ്കൂൾ കോമ്പൗണ്ടിൽ നിന്നും വിവിധ കാരണങ്ങളാൽ തടി മുറിച്ചു നീക്കിയതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | തടി ഇനം | മുറിച്ചു മാറ്റുവാനുള്ള കാരണം | ചെലവ് തുക(₹) |
|---|---|---|---|

| | | | |
|---|---|---|---|
| 1 | വാക മരം 100 ഇഞ്ച് | ഇലക്ഷൻ-റാമ്പ് നിർമ്മാണത്തിന് തടസ്സമായി നിന്നിരുന്ന മരം ആർ.ഡി.ഒ. യുടെ നിർദ്ദേശ പ്രകാരം മുറിച്ച് മാറ്റിയത് | 3500/-(ചെക്ക് നം.218364/21.4.21) |
| 2 | വെണ്ണിലാവ് 1 (110 ഇഞ്ച്)<br>വാകമരം 2<br>ആകെ 250 ഘന. അടി | സുരക്ഷ ഭീഷണി | 9500/-(218907/2.7.21) |
| ആകെ | | | 13000/- |

തടികളുടെ മൂല്യ നിർണ്ണയം നടത്തി ലേലം ചെയ്തു നൽകാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (എൻക്വയറി നം.6/19.01.23) വാകമരങ്ങൾ അകം പൊള്ളയായ നിലയിലായിരുന്നുവെന്നും മരങ്ങളുടെ അവശിഷ്ടങ്ങൾ സ്കൂൾ കോമ്പൌണ്ടിൽ തന്നെ സൂക്ഷിച്ചിട്ടുണ്ടെന്നുമുള്ള മറുപടി നൽകിയിട്ടുണ്ട്. തടികളുടെ മൂല്യ നിർണ്ണയം നടത്തി ലേലം ചെയ്ത് നൽകുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-15 ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ- നിർവ്വഹണ ഏജൻസി ഔഷധങ്ങൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് തൻവർഷത്തെ പദ്ധതിയിലുൾപ്പെടുത്തി ഹോമിയോ ആശുപത്രിക്ക് മരുന്നുകൾ വാങ്ങുന്നതിനായി ഹോംകോയ്ക്ക് തുക കൈമാറിയെങ്കിലും സ്ഥാപനം നാളിതുവരെ പ്രസ്തുത ഔഷധങ്ങൾ പൂർണ്ണമായി വിതരണം ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ, പ്രോജക്ട് നം. പേര് | നിർവ്വഹണ ഏജൻസി | കൈമാറിയ തുക ₹ | ബിൽ നം./ തീയതി | വിതരണം ചെയ്ത മരുന്നുകളുടെ മൂല്യം ₹ | ക്രമീകരിക്കാൻ ശേഷിക്കുന്ന തുക ₹ |
|---|---|---|---|---|---|
| സെക്രട്ടറി 44/22 | ഹോംകോ | 300000 | 21100952004100941946/ 13.01.2022 | 184340 | 115660 |

ആവശ്യപ്പെട്ട ഔഷധങ്ങൾ ലഭ്യമാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-16 തൊഴിലുറപ്പ് പദ്ധതി-സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചതിന് നിരക്ക് നിശ്ചയിക്കാതെ തുക അനുവദിച്ചിരിക്കുന്നു

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് ചട്ടം 2005 ഖണ്ഡിക 25(a) ഷെഡ്യൂൾ 1 ലെ പരാമർശ പ്രകാരം ഇന്ത്യാ ഗവൺമെന്റിന്റെ ഗ്രാമീണ വികസന മന്ത്രാലയം പുറപ്പെടുവിച്ചിരിക്കുന്ന നിർദ്ദേശങ്ങൾ പാലിച്ച് കൊണ്ട് തൊഴിലുറപ്പ് പദ്ധതി നടത്തുന്ന ഓരോ സൈറ്റിലും നിശ്ചിത മാതൃകയിലുള്ള സിറ്റിസൺ ഇൻഫർമേഷൻ ബോർഡുകൾ സ്ഥാപിക്കേണ്ടതുണ്ട്. ഇതുപ്രകാരം വ്യക്തികളുടെ ആസ്തികളിലുള്ള പ്രവൃത്തികൾക്ക് 2 അടി X 3 അടി വലുപ്പമുള്ള ബോർഡുകളും പൊതു ആസ്തികൾക്ക് 3 അടി X 4 അടി വലുപ്പമുള്ള ബോർഡുകളുമാണ് ഉറപ്പിക്കേണ്ടത്. തൻവർഷം 2 അടി X 3 അടി വലുപ്പമുള്ള 134 ബോർഡുകൾ സ്ഥാപിച്ചതിന് ആകെ ₹402000/-യും 3 അടി X 4 അടി വലുപ്പമുള്ള 20 ബോർഡുകൾ സ്ഥാപിച്ചതിന് ആകെ ₹100000/-യും നൽകിയിരിക്കുന്നു.

പ്രസ്തുത ഉത്തരവ് പ്രകാരം പരമാവധി നൽകാവുന്ന തുക യഥാക്രമം ₹3000/-, ₹5000/- എന്നിങ്ങനെ നിശ്ചയിച്ചിരിക്കുന്നു. ഇഷ്ടിക, ഗ്രാനൈറ്റ് സ്ലാബ്, സിമന്റ് ബോർഡ്, പ്രാദേശികമായി ലഭ്യമാകുന്ന മറ്റ് സാധനങ്ങൾ എന്നിങ്ങനെ വ്യത്യസ്ത നിർമ്മാണ സാധനങ്ങൾ ബോർഡ് നിർമ്മാണത്തിന് ഉപയോഗിക്കാവുന്നതാണ്. എന്നാൽ നിർമ്മാണവസ്തുവിന്റെ അടിസ്ഥാനത്തിൽ SOR പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി നിരക്ക് നിശ്ചയിച്ചതിന് ശേഷമാണ് ടെണ്ടർ/ക്വട്ടേഷൻ മുഖേനയോ കുടുംബശ്രീ സംഘങ്ങൾ മുഖേനയോ പദ്ധതി നടപ്പാക്കേണ്ടത്. എന്നാൽ ഇതിനു വിരുദ്ധമായി എസ്റ്റിമേറ്റ് തയ്യാറാക്കാതെ ഉത്തരവിൽ നിർദ്ദേശിച്ചിരിക്കുന്ന പരമാവധി നിരക്ക് ഫെറോസ്ലാബിൽ തയ്യാറാക്കിയ ബോർഡുകൾക്ക് നൽകിയിരിക്കുന്നത് ക്രമവിരുദ്ധമായ നടപടിയാണ് . എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിൽ മാത്രമേ കൃത്യമായ തുക നിശ്ചയിക്കാൻ സാധിക്കൂ. എങ്കിലും ഫെറോസ്ലാബിൽ തയ്യാറാക്കുന്ന ബോർഡുകൾക്ക് പരമാവധി തുകയുടെ ഏകദേശം പകുതി തുക മാത്രം മതിയാകും. തുടർന്ന് ഇത്തരം അപാകതകൾ സംഭവിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നം. തീയതി. |
|---|---|---|
| 2021-22 | ഓഡിറ്റിനോടൊപ്പം പരിശോധിച്ചു. | സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന് അനുബന്ധമായി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രോജക്ടിന്റെ പേര് | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 282293 | 6/21-22 നെൽ കൃഷി പ്രോത്സാഹനം - സ്ഥിരം കൃഷി | 282293 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 115000 | 72/22 വനിതകൾക്ക് പെണ്ണാട് വിതരണം | 115000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 47500 | 71/22 മുട്ടക്കോഴി വിതരണം വനിത ജനറൽ | 47500 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 30000 | 170/22 പാലിയേറ്റീവ് കെയർ TSP | 30000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 136394 | 79/22 പാലിയേറ്റീവ് കെയർ GENERAL | 136394 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 120800 | 82/22 ഭിന്ന ശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-ബത്ത നല്കൽ | 120800 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 362076 | 6/21-22 നെൽ കൃഷി പ്രോത്സാഹനം - സ്ഥിരം കൃഷി | 362076 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 189150 | 82/22 ഭിന്ന ശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-ബത്ത നല്കൽ | 189150 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 712947 | 78/22 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 712947 | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ തീയതി | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ശേഷിക്കുന്ന തുക ₹ |
|---|---|---|---|---|---|
| കേരള ഇലക്ട്രിസിറ്റി ബോർഡ് | സ്ട്രീറ്റ് ലൈൻ നീട്ടൽ ചൂളപ്പുര കോട്ട റോഡ് | 22101060/7-2-2022 | 102896 | - | 102896 |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

### 4-5 വായ്പാ/വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | തൻവർഷ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| കെ.യു.ആർ. ഡി.എഫ്.സി ലോൺ (വസ്തു വാങ്ങൽ) | സ.ഉ.(സാ)നം. 2053/ത.സ്വ.ഭ.വ തി.03.08.2013 | 3440000 | 0 | 16888 | 16888 | 505 | 0 |
| കെ.യു.ആർ. ഡി.എഫ്.സി ലോൺ (ലൈഫ്) | സ.ഉ.(സാ)നം. 111/18/ത.സ്വ.ഭ.വ തി.13.08.2018 | 17802809 | 0 | 15691907 | 1525064 | 0 | 14166843 |

### 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ₹467433 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| പലിശ | 26000 |
| ആകെ | 493433 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 493433 |

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ ഇല്ല.

4-9 ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുക

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം., ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | സർചാർജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെട്ടത്തിയിട്ടുണ്ടോ | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക, തീയതി | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭിച്ച തുക ₹ | അവശേഷിക്കുന്ന തുക/ ബാധ്യത ₹ | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക ₹ | | | | ഉൾപ്പെട്ട തുക ₹ | ഈടാക്കിയ തുക ₹ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | 2000-01 | 35 | ശ്രീ. ഇ.യു. ജോസഫ്, സെക്രട്ടറി | LF.16208/ Sc2/04 തീ.30.4.2005 | 16340 | - | ഇല്ല | - | - | - | - | 16340 | - |
| 2 | 2000-01 | 36 | ശ്രീ. ഇ.യു. ജോസഫ്, സെക്രട്ടറി | LF.16208/ Sc2/04 തീ. 30.04.2005 | 16340 | - | ഇല്ല | - | - | - | - | 16340 | - |

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| ഇനം | തുക ₹ |
|---|---|
| മുന്നിരിപ്പ് | 15314995 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 59001543 |
| ആകെ | 74316538 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 53946354 |
| നീക്കിയിരിപ്പ് | 20370184 |
| വരവിനങ്ങളിലുള്ള നഷ്ടം | -ഇല്ല- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | -ഇല്ല- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | ഖണ്ഡിക നം. |
|---|---|---|---|
| 2012-13 & 2013-14 | എൽ.എഫ്.ഐ.10/98/ 2015/ 23.01.2015 | 1 | 3-1 |
| 2014-15 | കെ.എസ്.എ-ഐ.ഡി.കെ-10/ 1025/16 തീ 29.07.16 | 4 | 2-1,3-5,3-6,3-7 |
| 2015-16 | കെ.എസ്.എ-ഐ.ഡി.കെ-10/ 407/17/ 18.04.2017 | 5 | 3-2,3-3,3-4,3-5,3-7 |
| 2016-17 | കെ.എസ്.എ-ഐ.ഡി.കെ-10/ 560/17/ 01.12.2017 | 4 | 3-1,3-2,3-3,3-4 |
| 2018-19 | കെ.എസ്.എ-ഐ.ഡി.കെ-10/ 1033/19/ 21.04.2020 | 3 | 1-23(1),1-23(3),1-26 |
| 2019-20 | കെ.എസ്.എ-ഐ.ഡി.കെ-10/ 296/21/ 07.05.2021 | 23 | 1-13 മുതൽ 1-23 വരെ, 1-25, 1-26, 1-27, 1-29, 1-30, 1-31, 1-33 മുതൽ 1-38 വരെ |
| 2020-21 | കെ.എസ്.എ-ഐ.ഡി.കെ-10-402/2022/6-5-2022 | 10 | 1-10,1-12,1-13,1-14,1-15,1-16,1-17,1-18,1-21,4-11 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ കരിമണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ കരിമണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്